# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# ദാനിയേലും സിംഹക്കുഴിയും

എഴുതിയത് : Edward Hughes

ഉദാഹരണം : Jonathan Hay

അംഗീകരിച്ചത് : Mary-Anne S.

തർജ്ജിമ ചെയ്തത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ബാബിലോണിലെ പുതിയ രാജാവായിരുന്നു ദാര്യാവേശ്. അവൻ മിടുക്കനായിരുന്നു. തന്റെ രാജ്യത്തിലെ ഏറ്റവും ഉത്തമൻമാരായ നൂറ്റിഇരുപതുപേരെ അവൻ തന്റെ സഹായികളായി തിരഞ്ഞെടുത്തു.



അവർക്ക് മേലധികാരികളായി അവൻ അവരിൽ മൂന്നുപേരെ തിരഞ്ഞെടുത്തു. ആ മൂന്നുപേരിൽ ഒരാൾ ദാനിയേലായിരുന്നു.



ദാര്യാവേശ്‌രാജാവ് ദാനിയേലിനെ അധികം ബഹുമാനിക്കയും അവനെ തന്റെ ...



... മുഴുരാജ്യത്തിന്റെയും ഭരണാധികാരി ആക്കുവാനും ചിന്തിച്ചു.



മറ്റു നേതാക്കന്മാർക്ക് അസൂയയായി. ദാനിയേലിൽ എന്തെങ്കിലും കുറവ് കണ്ടെത്തുവാനും രാജാവിന്റെ മുമ്പിൽ അവനെ കുടുക്കേണ്ടതിനും അവർ പദ്ധതി തയ്യാറാക്കി.



അവർ എത്രകണ്ട് പരിശ്രമിച്ചിട്ടും ദാനിയേലിൽ യാതൊരു കുറവും കണ്ടെത്താനായില്ല. താൻ ചെയ്ത സകല കാര്യത്തിലും ദാനിയേൽ രാജാവിനോട് സത്യസന്ധനായിരുന്നു.



മാത്രമല്ല, അവൻ ബുദ്ധിമാനും സൂക്ഷിച്ചു കാര്യങ്ങൾ ചെയ്യുന്നവനുമായിരുന്നു. എല്ലായ്പോഴും തനിക്കു ചെയ്യുവാൻ കഴിയുന്നതിൽവച്ച് ഏറ്റവും മേത്തരമായ രീതിയിൽ കാര്യങ്ങൾ ചെയ്തിരുന്നു.



ദാനിയേലിനെ കുടുക്കുവാൻ ഒരു വഴി മാത്രമേ ശേഷിക്കുന്നുള്ളൂ എന്ന് അസൂയാലുക്കളായ നേതാക്കന്മാർ കണ്ടെത്തി. യിസ്രായേലിന്റെ ദൈവത്തെ ...



... ആരാധിക്കുന്നതിൽനിന്ന് അവനെ പിന്തിരിപ്പിക്കുവാൻ യാതൊന്നിനും കഴികയില്ലെന്ന് അവർക്കറിയാമായിരുന്നു.



ദാനിയേലിന്റെ ശത്രുക്കൾ ഒരു പദ്ധതിയെക്കുറിച്ച് ചിന്തിച്ചു. രാജാവ് ഒപ്പുവയ്ക്കേണ്ടതിനായി അവർ ഒരു പുതിയ




നിയമം ഉണ്ടാക്കി. ആ നിയമപ്രകാരം സകലരും ദാര്യാവേശ് രാജാവിനോടു മാത്രമേ പ്രാർത്ഥിക്കാൻ പാടുള്ളൂ. അനുസരിക്കാത്തവരെ സിംഹത്തിന്റെ ഗുഹയിൽ ഇട്ടുകളയും.

ദാര്യാവേശ്‌രാജാവ് പുതിയനിയമത്തിൽ ഒപ്പുവെച്ചു.



പുതിയതായി ഉണ്ടാക്കിയ നിയമം ദാനിയേലിൽ യാതൊരു വ്യത്യാസവും വരുത്തിയില്ല.

അവൻ സ്ഥിരം ചെയ്തുവന്നതുതന്നെ ചെയ്തു.





അവൻ ദിവസം മൂന്നു
തവണ തന്റെ തുറന്ന
ജനലിനരികെ മുട്ടുകുത്തി
സ്വർഗത്തിലെ ദൈവത്തോട്
പ്രാർത്ഥിച്ചു.







അസൂയാലുക്കളായ
നേതാക്കന്മാർ
രാജാവിനോടത്
പറയാൻ
ഓടി...
ദാനിയേലിനെ
അറസ്റ്റുചെയ്യുകയല്ലാതെ
ദാര്യാവേശ്‌രാജാവിന്
മറ്റു പോംവഴി
ഇല്ലായിരുന്നു.



നിയമം
അനുസരിക്കാനുള്ളതാണല്ലോ.
ദാനിയേൽ
മരിക്കേണം.



രാജാവ് വളരെ
പരിശ്രമിച്ചിട്ടും
നിയമത്തിനു
മാറ്റം
വരുത്താൻ
ഒരു
വഴിയും
കണ്ടെത്താനായില്ല.

സിംഹത്തിന്റെ ഗുഹയിൽ ഇട്ട് കൊല്ലുക എന്ന ശിക്ഷയ്ക്ക് ദാനിയേൽ വിധേയനായി. വിശന്നിരിക്കുന്ന സിംഹങ്ങളുടെ ഗുഹയിലേക്ക് ദാനിയേലിനെ ...



... എറിയുന്നതിനുമുമ്പ് ദാര്യാവേശ്‌രാജാവ് അവനോട് പറഞ്ഞു, “നീ സ്ഥിരമായി സേവിക്കുന്ന നിന്റെ ദൈവം നിന്നെ വിടുവിക്കും.”



ആ രാത്രിയിൽ രാജാവ് ഉറങ്ങിയില്ല. പിറ്റേദിവസം അതിരാവിലെ അവൻ സിംഹക്കുഴിയുടെ അടുത്തേക്ക് ഓടിച്ചെന്നു.



ദാര്യാവേശ്‌രാജാവ് ഉച്ചത്തിൽ
വിളിച്ചുചോദിച്ചു; “ജീവനുള്ള ദൈവത്തിന്റെ
ദാസനായ ദാനിയേലേ, നീ ഇടവിടാതെ
സേവിച്ചുവരുന്ന നിന്റെ ദൈവം
സിംഹങ്ങളിൽനിന്ന് നിന്നെ
രക്ഷിപ്പാൻ പ്രാപ്തനായോ?”
രാജാവ് ഒരു മറുപടി
പ്രതീക്ഷിച്ചിരിക്കില്ല.
പക്ഷേ, ദാനിയേൽ
മറുപടി പറഞ്ഞു.



ദാനിയേൽ വിളിച്ചുപറഞ്ഞു: “അല്ലയോ രാജാവേ, എന്റെ ദൈവം തന്റെ ദൂതൻമാരെ അയച്ച് സിംഹങ്ങളുടെ വായ് അടച്ചു.



അതുകൊണ്ട് അവ എന്നെ ഉപദ്രവിച്ചില്ല. അതുമാത്രമല്ല, രാജാവേ, ഞാൻ തിരുമുമ്പാകെ ഒരു തെറ്റും ചെയ്തിട്ടില്ലല്ലോ.”



ദാര്യാവേശ്‌രാജാവിനു സന്തോഷമായി! ദാനിയേലിനെ കുഴിയിൽനിന്ന് കയറ്റുവാൻ രാജാവ് കല്പിച്ചു.



ദൈവമാണ്
ദാനിയേലിനെ
വിടുവിച്ചതെന്നും
ദാനിയേലിന്റെ
ശത്രുക്കൾ ...



... ദൈവത്തിന്റെയും
ശത്രുക്കളാണെന്നും
രാജാവറിഞ്ഞു. അവൻ ഒരു
കല്പന കൊടുത്തു.
തെറ്റായ നിയമം
ഉണ്ടാക്കി ...



...രാജാവിനെക്കൊണ്ട്
തന്ത്രപൂർവ്വം ഒപ്പിടുവിച്ച
സകലരേയും സിംഹത്തിന്റെ
ഗുഹയിലേക്ക് ഇട്ടുകളഞ്ഞു.
സിംഹം അവരെ
തിന്നുകളഞ്ഞു.



സ്വർഗത്തിലെ ദൈവം തന്റെ വിശ്വസ്ത സേവകനായ ദാനിയേലിനെ സംരക്ഷിച്ച വസ്തുത ലോകം അറിയണമെന്ന് ദാര്യാവേശ് രാജാവ് താത്പര്യപ്പെട്ടു.

സകല ജനവും ജീവനുള്ള ...



... ദൈവത്തെ ആരാധിക്കണമെന്ന് ഒരു എഴുത്ത് മുഖേന രാജാവ് കല്പന കൊടുത്തു. രാജാവ് ദാനിയേലിനെ നേതൃത്വത്തിലേക്കും തന്റെ ബഹുമാനത്തിലേക്കും വീണ്ടും കൊണ്ടുവന്നു.



ദാനിയേലും സിംഹക്കുഴിയും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ദാനിയേൽ 6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16